LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ

92(838) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നിർവ്വഹിച്ചത്; വിശദമാക്കുമോ?

സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠന സഹായത്തിനായി പഠനമുറി നിർമ്മാണം, വൈദ്യുതീകരണം, ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പെടെ 1000 പഠനമുറികളുടെ പൂർത്തീകരണം. 1752 എണ്ണം പൂർത്തീകരിക്കുവാൻ സാധിച്ചു.
2. പൂർത്തീകരിക്കാതെ കിടക്കുന്ന 1000 വീടുകളുടെ പൂർത്തീകരണം. 1188 എണ്ണം പൂർത്തീകരിക്കുവാൻ സാധിച്ചു.

(ബി) പുതിയ കാലഘട്ടത്തിനനുസരിച്ച് പുതിയതായി എന്തെല്ലാം പദ്ധതി കളാണ് പട്ടികജാതി വിഭാഗത്തിനായി നടപ്പിലാക്കി വരുന്നത്; വിശദവിവരം നൽകാമോ?

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എറ്റെടുത്തിട്ടുള്ള പദ്ധതി കളാണ് നടപ്പുസാമ്പത്തിക വർഷവും (2020-21) നടപ്പിലാക്കി വരുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രൂപീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് അന്തിമമാകുന്ന മുറയ്ക്ക് പുതിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കുന്നതാണ്.

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങലിനും ഭവന നിർമ്മാണത്തിനും അനുവദിച്ച തുക

93(839) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി മുൻ സർക്കാരിന്റെ കാലത്ത് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ;